കുണ്ടറ വിളംബരം

ശ്രീമതു തിരുവിതാംകോടു സമസ്ഥാനത്തു നിന്നും ഈ സമസ്ഥാനത്ത് എന്നും ചെയിതല്ലാതെ നിലനിൽക്കയില്ലെന്നു കണ്ടു നിശ്ചയിച്ചു തുടങ്ങേണ്ടി വന്ന കാരിയത്തിന്റെ നിർണ്ണയവും അവസരവും ഈ രാജ്യത്ത് മഹത്തുക്കൾ മഹാബ്രാഹ്മണർ ഉദ്യോഗസ്ഥമാര മുദൽ ശൂദ്രവരെ കീഴപരിഷ വരെയും ഉള്ള പലജാതി കുടിയാൻപരൻമാര പരബോധം വരെണ്ടുന്നതിനായിട്ട് എഴുതി പ്രസിദ്ധപ്പെടുത്തുന്ന വിളംബരമാവിത്.

പരശുരാമ പ്രതിഷ്ഠയാൽ ഒണ്ടായ മലയാളവും ഈ സമസ്ഥാനവും തോന്നിയനാൾ മുതൽ ചേരമാൻ പെരുമാൾ വംശം വരെയും പരിപാലനം ചെയ്ത കാലത്തും അതിൽ കീഴ്തൃപ്പാദസ്വരൂപത്തിങ്കലെയ്ക്കു തിരുമൂപ്പും അടങ്ങി ബഹുതലമുറ ആയിട്ടു ചെംകോൽ നടത്തി അനേകം ആയിരം സംവത്സരത്തിനു ഇടയിലും ഈ രാജ്യം ഇടപെട്ടു ഒരു ചോദ്യത്തിലും ശല്യത്തിനും ഇടവന്നിട്ടും ഇല്ലാ.. 933- ാംമാണ്ട് നാടുനീങ്ങിയ തിരുമനസ്സുകൊണ്ട് കല്പിച്ചു ദൂരദൃഷ്ടിയിൽ മെൽക്കാലം വരവിന്റെ വിപരീതം കണ്ടു ഇനി ഈ ഭാരം നമ്മുടെ വംശത്തിൽ ഉള്ളവര വഹിക്കയില്ലെന്നും വച്ചു നിശ്ചയിച്ചു രാജ്യത്തിനെ പൂവൊട്ടും നീരൊട്ടും കൂടെ ശ്രീ പത്മനാഭസ്വാമിയിടെ തൃപ്പടിയിൽ ദാനവും ചെയ്തു. മെൽപട്ടം വാഴുന്ന തംപുരക്കന്മാരെ അവടത്തെ ആളായിട്ടു ഇരുന്നു കാര്യം വിചാരിക്കുകയും അവർക്കു രാജഭോഗദ്യൊഗങ്ങളെക്കാളും അധികം തപൊനിഷ്ടയായിട്ട് വ്രതനിയമങ്ങളും അനുഷ്ഠിച്ചും താൻ ദുഃഖിച്ചും കുടികൾക്കു സുഖം വരുത്തിയും അതിനു ഒരു കുറവുവരാതെ ഇരിക്കേണ്ടുന്നതിനും മെൽരെക്ഷ ആയിട്ടു ഈശ്വരസെവ ഭദ്രദീപം മുറജെപം അന്നസർത്രം ആദിയായിട്ടുള്ള സൽകർമ്മങ്ങളെ നടത്തി കാലം കഴിച്ചു കൊള്ളുകയെന്നും വച്ചു നിശ്ചയിച്ചു ചട്ടം കെട്ടി കുടികൾക്കു സുഭിക്ഷമായിട്ടു കഴിഞ്ഞു വരുന്നതിനാൻ ഇപ്പോൾ ഈ കലിയുഗത്തുങ്കൾ ഹിമവൽസെതുപര്യന്തം ഇതുപോലെ ധർമ്മസ്ഥമസ്ഥാനം ഇല്ലന്നുള്ള കീർത്തി പൂർണമായി ഇരിക്കപ്പെട്ടതു സർവ്വത്രപെരും പ്രസിദ്ധമായിട്ടു അറിഞ്ഞിരിക്കുമെല്ലൊ ആകുന്നു. മമ്മൂദല്ലിഖാൻ ആർക്കാട്ടു സുബയും ഒതിക്കിയതിന്റെ

ശേഷം അവിടത്തെക്കു മിത്രഭാവമായിട്ട് ചെല്ലണമെന്നും വച്ചു. ആണ്ടൊന്നിനു 6000 രൂപായും ഒരു ആനയും നതിരായിട്ടു കൊടുക്കത്തക്കവണ്ണം പറഞ്ഞു വച്ചു കൊടുത്തതല്ലാതെ ഈ രാജ്യം ഇടപെട്ട ഒരു ശൊദ്യത്തിനും ഇട വന്നിട്ടു ഇല്ലാ. അങ്ങനെ ഇരിക്കുന്ന സങ്ങതിങ്കൽ ഡിപ്പുസുൽത്താനും ഇംകിററസു കൊംപഞ്ഞിയും പ്രബലമായിട്ടു വരികകൊണ്ടും അതിൽ രണ്ടിൽ കൊമ്പഞ്ഞി ആളുകൾക്ക് നെരും വിശ്വാസവും ഒണ്ടന്നും അവരെ വിച്ചസിച്ചാൽ ചതിക്കയില്ലെന്നും നിശ്ചയിച്ചു ആദിപൂർവമായിട്ടു അഞ്ചുതെങ്ങലിൽ കൊട്ടയിടുന്നതിനു സ്ഥലവും കൊടുത്തു അവരെ അവിടെ ഒറപ്പിച്ചു സ്വാധീനവും വിശ്വാസവും ഒണ്ടായിരിക്കുമെന്നും നിശ്ചയിച്ചു.

ആ നിനവിനാൽ ഡിപ്പുസുൽത്താനൊടു പകച്ചു പടയെടുത്തു ഇവരെ സ്നെഹിപ്പാൻ ഇട വരികയും ചെയ്തു. പിന്നത്തതിൽ കാര്യവശാൽ ഒള്ള അനുഭവത്തിൽ ഇവരെ സ്നേഹിച്ചതു നാശത്തിനു വിശ്വസിച്ച ദൊഷത്തിനും മൂലമായിട്ടു തീർന്നു. സർവ്വപ്രപഞ്ചത്തിലും ദ്രൊഹവും വിശ്വാസപാതകവും നിറഞ്ഞിരിക്കപ്പെട്ട ജാതി ഇവർക്കു സമാനം ഇതിനു മുമ്പിൽ ഒണ്ടകയും ഇനി ഒണ്ടാകയില്ലന്നുള്ളതും പ്രസിദ്ധമായിട്ട് അറികയും ചെയ്തു. അതിന്റെ വിവരങ്ങൾ എന്തന്നാൽ ഇവർക്കുരെക്ഷ കൊടുത്തു ഇത്രമെൽ ഒരു പ്രബലതയും ആക്കിത്തീർത്ത നബാബിനെ നാൾക്കുന്നാൾ വഞ്ചനയായിട്ടു ബലം കുറച്ചും വംശനാശം വരുത്തി പിന്നത്തതിൽ അടുത്ത രാജ്യത്തിൽ സുഖവാഴുവായിട്ട് എരിഞ്ഞു വന്ന ദീപത്തിനെയും അണച്ചു വാഴ്മനകളെ പാഴ്മനകളും ആക്കി ആ ദ്രൊഹ ബുദ്ധിയൊടും കൂടെ ഈ സമസ്ഥാനത്തും കടന്നു ആദിയിങ്കൽ ഉപായമായിട്ടും ക്രമത്താൽ ബലമായിട്ടും തുടങ്ങി സർവ്വവും നിർമൂലം വരുത്തുന്നതിനായിട്ടു യത്നപ്പെട്ടിരിക്കുന്നു. ആയതിന്റെ വിവരങ്ങൾ കുറഞ്ഞൊന്നു വെള്ളിയായിട്ടു ചുരുക്കത്തിൽ എഴുതുന്നതു എന്തന്നാൽ ഡിപ്പുസുൽത്താനൊടു യുദ്ധം ഒണ്ടായ നിമിത്തം ഇവരെ സഹായത്തിനായിട്ടു കയിക്കൊണ്ടപ്പോൾ തൽക്കാല സമയത്തു ചതിവായിട്ടു മുടിച്ചു. പത്തുലക്ഷം വരാഹൻ വാങ്ങിച്ചു കൊള്ളുകയും ചെയ്തു. അതിന്റെ ശെഷം നയവും ഭയവും കാട്ടി ആണ്ടു ഒന്നിനു ആറുലക്ഷം രൂപാ വീതം ഇവർക്കു കൊടുക്കണമെന്നും ഇംകിരസുജാ

തിയും തിരുവിതാംകൊട്ടു സമസ്ഥാനവും ഒള്ള കാലം വരെയും അതിൻ വണ്ണം വാങ്ങിച്ചുകൊള്ളുന്നതു അല്ലാതെ അധികം ഒരു ചക്രം പോലും ചോദിക്കുകയില്ലെന്നും രാജ്യക്കാര്യം ഇടപെട്ടു അൽപ്പകാര്യത്തിനുപോലും സംസാരിക്കയില്ലെന്നും 968-ാമാണ്ട് പറഞ്ഞു വച്ചു. അന്ന സത്യം പ്രമ ണമാട്ടു ഉടംപടി കടലാസും എഴുതി തരികയും ചെയ്തു. ആയതിനെ അനു സരിച്ച് വ്യത്യാസം കൂടാതെ കൊടുത്തുവരുമ്പോൾ ആയതിനും മാറ്റങ്ങ ളായിട്ട് ഈ രാജ്യത്തിൽ റെസിഡണ്ടും ആക്കി പാർപ്പിച്ച അവരുടെ വക യിൽ ഈ പട്ടാളം കൊല്ലത്തു ഇറങ്ങിയതിനെയും സഹിച്ച സർപ്പത്തിനു പാലു കൊടുത്തതുപോലെ അവർക്കു പാർപ്പാൻ കൊത്തുകയും വീടു കളും കെട്ടികൊടുത്തു നാളുതോറും ചെയ്തു വരുന്ന അക്രമങ്ങളെയും സഹിച്ച എങ്ങും ഒരു വ്യത്യാസം വരുത്തരുതെന്നും ആകുന്നതും സൂക്ഷിച്ചു പാർത്തു വരുന്നു. പിന്നത്തതിൽ മുമ്പിലത്തെ ഉടംപടി പ്രകാരം അല്ലാതെ രണ്ടു ലക്ഷം രൂപാ വീതം കൂടെ കൊടുക്കണമെന്നും ആയത് അല്ലെങ്കിൽ യുദ്ധം ചെയ്യുമെന്നും 980-ാമാണ്ടു മകരമാസത്തിൽ അന്യായമായിട്ടു തുടങ്ങി നാലുദിക്കിലും ഭീരങ്കി റാണുക്കളെയും ഇറക്കി വിപരീതത്തിനു ഒള്ള വട്ടങ്ങൾ തുടങ്ങുക കൊണ്ടും അന്നു വെറിട്ടു ഒരു സഹായം കാണാ ഴികയാലും ദുഷ്ക്കാലഗതിയിടെ ശക്തി എന്നും നിശ്ചയിച്ച അവർ പറ ഞ്ഞതിൽ വണ്ണം രണ്ടുലെക്ഷം രൂപാകൂടെ കൊടുത്തു വന്നു. ഇപ്പോൾ ആ നിലയും വിട്ടു ഈ രാജ്യത്തുള്ള പുള്ളിപ്പട്ടാളം ഈശ്വരസെവ വഴി ഊട്ടു ആദിയായിട്ടുള്ളതൊക്കെയും നിറുത്തി ആ വകയിൽ കൂടുതലും ഇവർക്കു കൊടുക്കണമെന്നും രാജ്യകാര്യം ഇടപെട്ടതൊക്കെയും റെസി ഡണ്ടു മക്കാളിയെ ബോധിപ്പിച്ചു നടക്കണമെന്നും ഒള്ള വട്ടങ്ങൾ തുട ങ്ങുക കൊണ്ടു അങ്ങനെ ഒള്ളതെന്നും ഈ രാജ്യത്തിൽ സംഭവിക്കയി ല്ലെന്നും ആകുന്ന വിധത്തിലും സങ്കടം പറഞ്ഞിട്ടും ഭൂമി വരെയും താണു വണങ്ങിയിട്ടും സമ്മതിക്കാതെ ഈ കഴിഞ്ഞ ധനുമാസത്തിൽ നമ്മുടെ പേർക്ക് എഴുതി വന്ന കടുദാസിൽ നാം ഇക്കാര്യങ്ങൾക്കു വികല്പമാ യിട്ടു തുടങ്ങിയിരിക്കകൊണ്ടും ഈ ഉദ്യോഗവും വിട്ടു നാമും നമ്മുടെ കുടുംബത്തിൽ ഒള്ളവരും കൂടെ കൂട്ടിയിട്ടുള്ള കാര്യസ്ഥൻമാരിൽ ചിലരും

കൊമ്പഞ്ഞി രാജ്യത്തിൽ ചെന്നു പാർത്തു കൊള്ളണമെന്നും അവിടെ ചെന്നു പാർത്താൽ ഇവർക്കു വേണ്ടുന്ന ശംബളവും മാനം മര്യാദയും നട ത്തിക്കൊടുക്കുമെന്നും അതിന്റെ ശെഷം രാജ്യകാര്യം ഇടപെട്ടൊള്ളതൊ ക്കെയും റസിഡെന്റ് മക്കാളി തന്നെ പുത്തനായിട്ടു ചട്ടം കെട്ടി നട ത്തിക്കൊള്ളുമെന്നും ആയതിനു താമസം കാണുന്നുവെങ്കിൽ യുദ്ധത്തിന്റെ ആരംഭമാകുന്നുവെന്നും എഴുതി ഇപ്രകാരം തന്നെ തിരുമനസ്സറിയുന്ന തിനും കായിതം കൊടുത്തയ്ക്കകൊണ്ടും പ്രാണഹാനിവരയിൽ വരുമെന്നു ആകിലും ഇങ്ങനെ ഒള്ള രാജ്യദ്രൊഹത്തിനും ജെനദ്രൊഹത്തിനും ഉൾപ്പെ ടുകയില്ലെന്നും പറഞ്ഞു തള്ളിക്കളകയാൽ രണ്ടാമതു റെസിഡണ്ടു മക്കാളി ഈ രാജ്യത്തിനു ഉടമയായിരിക്കുന്ന തിരുമനസ്സിലെയും ശെണം കാര്യ സ്ഥന്മാരെയും ബോധിപ്പിക്കാതെ കടലു വഴിക്കെ ഏതാനും സൊൾജർ വെള്ളക്കാറരെയും കൊല്ലത്തു ഇറക്കി അവരിവിടെ വകയിൽ അവിടെ ഒന്നായിരിക്കുന്ന സ്ത്രീജനങ്ങളെയും വസ്തുവകകളെയും മറുദിക്കിലും ഒതിക്കി ആക്രമണങ്ങളായിട്ടു യുദ്ധം തുടങ്ങിയിരിക്കുന്നു. ഈ സമസ്ഥാ നത്തു നിന്നും ഇതിനു മുമ്പിലും ഇപ്പഴം അവരൊടു യുദ്ധം ചെയ്യണമെന്നും നിരൂപിച്ചിട്ടില്ലാഴികകൊണ്ടും ഇപ്പോൾ ഇവരു തുടങ്ങിയിരിക്കുന്നതിനെ പ്രതിക്രിയ ആയിട്ടു ചെയ്തു നില നില്ക്കാതെ മുമ്പിച്ചു സംശയിച്ചാൽ പിന്നത്തതിൽ അതു കൊണ്ടു വരുന്ന വൈഷമ്യമുള്ള ഈ രാജ്യത്തിൽ ആരും സഹിപ്പാനും കാലം കഴിപ്പാനും നിറുവാഹം ഒണ്ടായി വരുന്നതും അല്ലാ, അതിന്റെ വിവരങ്ങൾ ചുരുക്കത്തിൽ എഴുതുന്നതു എന്തന്നാൽ ചതിവു മാർഗത്തിൽ രാജ്യം അവരിടെ കൈവശത്തിൽ ആകുന്നതു അവ രിടെ വംശപാരമ്പരിയമാകകൊണ്ടും അതിൻവണ്ണം രാജ്യം അവരിടെ കൈവശത്തിൽ ആയാൽ കൊയിക്കൽ കൊട്ടാരം കൊട്ടപ്പടി ഉൾപ്പെട്ട സ്ഥല ങ്ങളിൽ അവരുടെ പാറാവും വരിതിയും ആക്കി തീർത്തു രാജമുദ്ര പല്ലക്കു പൌരുഷം ഉൾപ്പെട്ട ബഹുമാനങ്ങളും ദെവാലയം ബ്രഹ്മാലയം ബന്ധിച്ചി ട്ടുള്ള ശട്ടവട്ടങ്ങളും നാട്ടുകൂട്ടവും നിർത്തി ഉപ്പു മുതൽ സർവ്വസ്വവും കുത്തക ആയിട്ടു ആക്കിത്തീർത്തു തരിച്ചു കെടക്കുന്ന നിലവും പുരയി ടവും അളന്നു കൂടി കുത്തകയായിട്ടു കെട്ടി നിലവരി തെങ്ങവരി ഉൾപ്പെട്ട അധിക കരങ്ങളും കുടികളിൽ കൂട്ടി വച്ചു അൽപ പിഴക്കു നീചന്മാരെ

ക്കൊണ്ടു ശിക്ഷയും കഴിപ്പിച്ചു ക്ഷെത്രങ്ങളിൽ കുരിശും കൊടിയും കെട്ടി വർണഭെദം ഇല്ലാതെ ബ്രാഹ്മണസ്ത്രീ മുതലായ സമുസർഗവും ചെയ്തു യുഗഭെദം പോലെ അധർമ്മങ്ങളായിട്ടുള്ള വട്ടങ്ങൾ ആക്കിത്തീർക്കുകയും ചെയ്യും. അങ്ങനെ ഒള്ളതു ഒന്നും ഈ രാജ്യത്തിൽ സംഭവിക്കാതെ രാജ ധർമ്മത്തെ നടത്തി നാട്ടിൽ ഒള്ള മര്യാദക്കു അഴിവു വരാതെ ഇരിക്കേണ്ടു ന്നതിനു മനുഷ്യയത്നത്തിൽ ഒന്നും കുറഞ്ഞു പോയെന്നുള്ള അപഖ്യാതി ഒണ്ടാകാതെ യിശ്വരാനുഗ്രഹം പോലെ വരുന്നതൊക്കെയും യുക്തമെന്നും നിശ്ചയിച്ചു അത്രെ അവർ തുടങ്ങിയിരിക്കുന്നതിനെ പ്രതിക്രിയയായിട്ടു ചെയ്യേണ്ടി വന്നു എന്നും .

കുണ്ടറ 984-ാമാണ്ട് മകരമാസം 1-ാം തീയതി